"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം -വയനാട് സർക്കാർ നഴ്സിംഗ് കോളേജിൽ "Construction of Toilet Block in Govt. Nursing College Wayanad" എന്ന പ്രവർത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3911/2025/H&FWD തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:-
1. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 15.10.2025 തീയതിയിലെ മെ.വി.വ/4562/2025-പിബി4 നമ്പർ കത്ത്
2. സ.ഉ.(സാധാ) നമ്പർ 9231/2025/ധന തീയതി 14.11.2025.

**ഉത്തരവ്**

വയനാട് സർക്കാർ നഴ്സിംഗ് കോളേജ് വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങളോടെയാണ് പ്രവർത്തിച്ചുവരുന്നതെന്നും, ആരോഗ്യ സർവ്വകലശാല കോളേജിൽ നടത്തിയ പരിശോധനയിൽ ശൗചാലയങ്ങളുടെ അഭാവം ചൂണ്ടിക്കാട്ടി ന്യൂനത പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയതിന്റെ വെളിച്ചത്തിൽ, കോളേജിൽ രണ്ട് ശൗചാലയങ്ങളും, ഹാൻഡ് വാഷിങ് സൗകര്യങ്ങളും സജ്ജീകരിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം വയനാട് സർക്കാർ നഴ്സിംഗ് കോളേജിന് '2210-05-105-08 (03)-24 M&S (പ്ലാൻ)' ശീർഷകത്തിൽ അനുവദിച്ച ₹30 ലക്ഷം രൂപയിൽ അവശേഷിക്കുന്ന ₹14,77,215/- രൂപയിൽ നിന്നും ₹6,55,500/- രൂപ (ആറ് ലക്ഷത്തി അമ്പത്തയ്യായിരത്തി അഞ്ഞൂറ് രൂപ മാത്രം) '2210-05-105-08(03)-17-MW' എന്ന പുതിയ ശീർഷകം സൃഷ്ടിച്ച് ധന:പുനർ വിനിയോഗം മുഖേന തുക അനുവദിച്ചു നൽകി "Construction of Toilet Block in Govt. College of Nursing, Wayanad" എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. വയനാട് സർക്കാർ നഴ്സിംഗ് കോളേജിനു ചെറുകിട മരാമത്ത് പണികൾക്കായി തുകയോ, ശീർഷകമോ ഇതുവരേയും അനുവദിച്ചിട്ടില്ലായെന്നും ആയതിനാൽ കോളേജിനു ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ, വേണ്ടത്ര മറ്റു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനോ ഇതുവരെയും കഴിഞ്ഞിട്ടില്ലാ എന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

3. പരാമർശം (2) പ്രകാരം ₹6,56,000/- (ആറ് ലക്ഷത്തി അമ്പത്തയ്യായിരത്തി അഞ്ഞൂറ് മാത്രം) '2210-05-105-08(03)-17-(P)(V)' എന്ന ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി അനുവദിച്ച് നൽകി ഉത്തവാകുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് സർക്കാർ നഴ്സിംഗ് കോളേജിൽ രണ്ട് ശൗചാലയങ്ങളും, ഹാൻഡ് വാഷിങ് സൗകര്യങ്ങളും സജ്ജീകരിക്കുന്നതിന് ആവശ്യമായ തുകയായ **₹6,56,000/- (ആറ് ലക്ഷത്തി അമ്പത്തയ്യായിരത്തി അഞ്ഞൂറ് മാത്രം) '2210-05-105-08(03)-17-(P)(V)'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

5. മേൽ തുക നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള അനുമതിയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ഇതിനോടൊപ്പം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

പകർപ്പ്

മെഡിിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, നഴ്സിംഗ് കോളേജ് , വയനാട്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (17.11.2025 ലെ 3320455/എച്ച്.എൽ.റ്റി-എ2/215/2025-ധന പ്രകാരം )

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്.

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/207/2025-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Gayathri G
Date: 17-12-2025 10:35:32
സെക്ഷൻ ഓഫീസർ